**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ് - കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എ.സി. കുര്യാക്കോസിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1498/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 21.04.2016.

================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.04.2014 തീയതിയിലെ E10(SC 71/13/MPM) 33982/2013 നമ്പർ കത്ത്.
2) ശ്രീ. എ.സി. കുര്യാക്കോസ്, സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി നൽകിയ 07.01.2015 തീയതിയിലെ 74346/ഇയു1/14/തസ്വഭവ നമ്പർ കുറ്റപത്രം.
3) കുറ്റപത്രത്തിന് ശ്രീ. എ.സി. കുര്യാക്കോസ്, സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി സമർപ്പിച്ച 23.02.2015 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 27.10.2015 തീയതിയിലെ വി2-1328/2015 നമ്പർ കത്ത്.

**ഉത്തരവ്**

ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ് എന്ന പേരിൽ വിജിലൻസ് വിഭാഗം 09.09.2013-ന് കോട്ടക്കൽ നഗരസഭയിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് പ്രകാരം ടി ദിവസത്തെ അനധികൃത ഹാജരില്ലായ്മയ്ക്കും 17 കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളിൽ സമയപരിധിക്കകം നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനും സേവനാവകാശ നിയമം സംബന്ധിച്ച ബോർഡ് പ്രദർശിപ്പിക്കാതിരുന്നതിനും അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എ.സി. കുര്യാക്കോസിനെതിരെ നടപടി സ്വീകരിക്കാൻ വിജിലൻസ് ഡയറക്ടർ ഒന്നാം പരാമർശിത കത്ത് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ മേൽപ്പറഞ്ഞ ആരോപണങ്ങൾക്ക് രണ്ടാം പരാമർശിത കുറ്റ പത്രം നൽകുകയുണ്ടായി.

2. ശ്രീ. എ.സി. കുര്യാക്കോസ് സമർപ്പിച്ച 3-ാം പരാമർശിത പ്രതിവാദ പത്രികയിൽ 09.09.2013-ന് ടിയാൻ അനധികൃതമായി ഹാജരുണ്ടായിരുന്നില്ല എന്ന ആരോപണം നിഷേധിച്ചു കൊണ്ടും ബഹു. ഓംബുഡ്സ്മാൻ

മുമ്പാകെയുള്ള ഒ.പി. 1483/2008 നമ്പർ കേസിന്റെ 10.09.2013-ലെ വിചാരണയ്ക്ക് ഹാജരാകുന്നതുമായി ബന്ധപ്പെട്ട് 09.09.2013-ന് പൂർവ്വാഹ്നത്തിൽ അഭിഭാഷകനുമായി കേസിലെ വിഷയം ചർച്ച ചെയ്യുന്നതിന് പോയി ഉച്ചയ്ക്ക് ശേഷം നഗരസഭയിൽ ഹാജരാകുകയാണുണ്ടായതെന്നും സൂചിപ്പിച്ചിട്ടുണ്ട്. 17 കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളിൽ യഥാകാലം നടപടി സ്വീകരിക്കാത്തതായ ആരോപണം സംബന്ധിച്ച് അത്തരം അപേക്ഷകൾ തീർപ്പാക്കേണ്ടതിന്റെ നടപടിക്രമം 27.04.2013-ലെ നഗരകാര്യ ഡയറക്ടറുടെ ജി3/11252/12 നമ്പർ ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ എഞ്ചിനീയർക്ക് ഡെലിഗേറ്റ് ചെയ്ത് ഉത്തരവായിട്ടുള്ളതാണെന്നും, എന്നാൽ ബന്ധപ്പെട്ട അപേക്ഷകളിന്മേലുള്ള നടപടികളുടെ രേഖകൾ താൻ ഇടയ്ക്കിടെ പരിശോധിക്കാറുണ്ടായിരുന്നുവെന്നും ഇക്കാര്യത്തിൽ തന്റെ മേൽനോട്ടം ഉണ്ടായിരുന്നുവെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

3. 09.09.2013 തീയതിയിലെ ഹാജർ പരിശോധിക്കുന്നതിന് പ്രസ്തുത വർഷത്തെ ഹാജർ പുസ്തകമോ പ്രസ്തുത ദിവസം ശ്രീ. എ.സി. കുര്യാക്കോസ് കൈകാര്യം ചെയ്തിരുന്നതായ ഏതെങ്കിലും ഫയലോ രേഖകളോ പരിശോധനാ വേളയിൽ ലഭിക്കുകയുണ്ടായി ല്ലെന്നും ഒ.പി. 1483/2008 നമ്പർ കേസ് കോട്ടക്കൽ പഞ്ചായത്തായിരുന്ന കാലം മുതൽ വർഷങ്ങളോളം തീർപ്പാകാതെ നടപടികൾ തുടർന്നുവന്നതാണെന്ന് മനസ്സിലാവുന്നതായും ഇക്കാര്യത്തിൽ നഗരസഭാ സെക്രട്ടറിയുടെ മറുപടി മുഖവിലയ്ക്കെടുക്കാവുന്നതാണെന്ന് കരുതുന്നതായും, നഗരസഭാ സെക്രട്ടറി ഓഫീസിൽ ഹാജരില്ലാതെ വരുന്ന സാഹചര്യത്തിൽ സെക്രട്ടറിയുടെ സ്റ്റാറ്റ്യൂട്ടറി ഒഴികെയുള്ള ഉത്തരവാദിത്വങ്ങൾ നഗരസഭയിലെ സൂപ്രണ്ട് നിർവ്വഹിക്കേണ്ട താണെന്ന് 30.06.2012-ലെ ജി1/12981/11 നമ്പർ സർക്കുലർ പ്രകാരം നേരത്തെ ഉത്തരവായിട്ടുള്ളതാണ് എന്നും റിപ്പോർട്ടിന്മേൽ സൂചിപ്പിച്ച 17 അപേക്ഷകളുടെ ഫയലുകളിൽ മിക്കതിലും യഥാസമയം നടപടികൾ ആരംഭിച്ച് ആവശ്യമായ പരിശോധനയ്ക്ക് അയച്ചതായും, അപാകതകൾ പരിഹരിക്കുന്നതിന് കക്ഷികൾക്ക് നോട്ടീസ് നൽകിയതായും, അപാകതകൾ തീർത്ത ശേഷം പെർമിറ്റ് അനുവദിച്ചതായും അല്ലാത്തവയിൽ നടപടി തീർക്കാൻ കഴിയാതെ അവശേഷിക്കുന്നതായും കാണുകയുണ്ടായി എന്നും കോടതി മുമ്പാകെ കേസ് ഉള്ളതും, അനുവദിക്കാനാവത്തതിനാൽ നിരസിച്ച അപേക്ഷകളും ഈ കൂട്ടത്തിൽപ്പെടുന്നതായും മേൽ ഫയലുകൾ എല്ലാം തന്നെ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗമാണ് കൈകാര്യം ചെയ്തിട്ടുള്ളത് എന്നും അവയിൽ ബിഎ-88/1314 നമ്പറായ പെർമിറ്റ് അപേക്ഷ 27.05.2013-ന് ലഭിച്ചത് 29.05.2013-ന് റിപ്പോർട്ടിനയച്ചതുമാണെന്നും റിപ്പോർട്ട് നൽകിയ തീയതി ഫയലിൽ കാണുന്നില്ലെന്നും അതേ സമയം 11.10.2013-ന് ഫീ അടവാക്കിയ ശേഷം 17.10.2013-ന് പെർമിറ്റ് അനുവദിച്ചതായും മറ്റു ഫയലുകളിൽ നടപടി ക്രമങ്ങൾ പാലിക്കേണ്ടതുമായി ബന്ധപ്പെട്ട് ആവശ്യാനുസാരണം സമയം എടുത്തതായി കാണാൻ കഴിഞ്ഞുവെന്നും നഗരകാര്യ ഡയറക്ടർ 4-ാം പരാമർശിത കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. കൂടാതെ നിലവിൽ സേവനാവകാശം സംബന്ധിച്ചുള്ള ബോർഡ് നഗരസഭയ്ക്ക് മുമ്പിൽ സ്ഥാപിച്ചിട്ടുള്ളത് കാണാൻ കഴിഞ്ഞതായും ആയത് എപ്പോഴാണ് സ്ഥാപിച്ചതെന്ന് അറിയാൻ കഴിഞ്ഞിട്ടില്ലെന്നും വിജിലൻസ് റിപ്പോർട്ടിൽ സൂചിപ്പിച്ച അപാകത ഇപ്പോൾ നിലനിൽക്കുന്നില്ല എന്നതിനാൽ ഇക്കാര്യത്തിൽ നടപടികൾ തുടരേണ്ടതില്ല എന്നും നഗരകാര്യ ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. ഈ സാഹചര്യത്തിൽ, ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ് എന്ന പേരിൽ വിജിലൻസ് വിഭാഗം 09.09.2013-ന് കോട്ടക്കൽ നഗരസഭയിൽ നടത്തിയ പരശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എ.സി. കുര്യാക്കോസിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി മേലിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകരുതെന്ന താക്കീത് നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
രത്നമ്മ. വി,
ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയ്ക്കൽ നഗരസഭ.
ശ്രീ. എ.സി. കുര്യാക്കോസ് (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിജിലൻസ് ഡിപ്പാർട്ടമെന്റ്
(11.03.2016 തീയതിയിലെ 14767/ഡി1/2015/വിജി. പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ